## പത്രക്കുറിപ്പ്

കാലിക്കറ്റ് സർവകലാശാല അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിനു മുന്നോടിയായി വിവിധ മണ്ഡലങ്ങളിലെ അന്തിമ വോട്ടർ പട്ടികകളും ഇലക്ഷൻ നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചു. പ്രൊഫഷണൽ കോളേജ് പ്രിൻസിപ്പൽ, ഫസ്റ്റ് ഗ്രേഡ് കോളേജ് പ്രിൻസിപ്പൽ, വിവിധ സബ്ജക്റ്റ് ഓഫ് സ്റ്റഡീസിലെ അധ്യാപകർ , വിവിധ ഫാക്കൽറ്റികളിലെ പി.ജി വിദ്യാർത്ഥികൾ എന്നീ മണ്ഡലങ്ങളിലെ അന്തിമ വോട്ടർ പട്ടികയാണ് പ്രസിദ്ധീകരിച്ചത്. നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി 18.12.2023 ആണ്. അക്കാദമിക് കൗൺസിൽ തെരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടികയുടെ പകർപ്പും ഇലക്ഷൻ നോട്ടിഫിക്കേഷനും സർവ്വകലാശാല വെബ്സൈറ്റിൽ അക്കാഡമിക് കൌൺസിൽ ഇലക്ഷൻ 2023 ലൈവ് എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ് എന്ന് വരണാധികാരി അറിയിക്കുന്നു.

**വരണാധികാരി**